പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 7412 17/07/2012-ൽ മറുപടിക്ക്

ഡെയ്ഞ്ചറസ് ആന്റ് ഒഫൻസീവ് ലൈസൻസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.എ.വാഹീദ്<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.കെ.അച്ചുതൻ | | **ശ്രീ.മഞ്ഞളാംകുഴി അലി**<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | ഡെയ്ഞ്ചറസ് ആന്റ് ഒഫൻസീവ് ലൈസൻസിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | നഗരസഭയുടെ പരിധിയിലുള്ള പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങൾ അതാത് നഗരസഭകളുടെ ലൈസൻസോടുകൂടി മാത്രമേ പ്രവർത്തിക്കാവൂ എന്ന ഉദ്ദേശത്തോടു കൂടിയാണ് ഡെയ്ഞ്ചറസ് ആന്റ് ഒഫൻസീവ് ലൈസൻസ് നൽകി വരുന്നത്. |
| (ബി) | ലൈസൻസ് ആർക്കൊക്കെയാണ് ഏർപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | 2011-ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാര ങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ, വസ്തുവകകൾക്കോ ആപൽക്കരമോ അസഹ്യമോ ആകാനിടയുള്ള I-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള വ്യാപാരങ്ങൾക്കും പ്രവൃത്തികൾക്കും സാധാരണ വ്യാപാരങ്ങളുടെ ഗണത്തിൽപ്പെടുന്ന II-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഇനങ്ങൾക്കും ലൈസൻസ് ആവശ്യമാണ്. I-ഉം II-ഉം പട്ടികകളിൽ പറഞ്ഞിട്ടുള്ള വ്യാപാരത്തിനോ പ്രവൃത്തിക്കോ അല്ലെങ്കിൽ മറ്റേതെങ്കിലും വ്യാപാരത്തിനോ വേണ്ടി മുനിസിപ്പൽ പ്രദേശത്തെ ഒരു സ്ഥലം ഏതെങ്കിലും ആൾ ഉപയോഗപ്പെടുത്തുന്നത് മുനിസിപ്പാലിറ്റിക്ക് 447-ാം വകുപ്പ് പ്രകാരം ലൈസൻസ് മൂലം നിയന്ത്രിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത ലൈസൻസിന്റെ പേര് മാറ്റാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?; | (സി) | ഉണ്ട്. |

സെക്ഷൻ ആഫീസർ